LIBRARY ARCHIVES Kerala Legislative Assembly

ചാവക്കാട് താലൂക്ക് ഹോസ്പിറ്റലിന്റെ പ്രവർത്തനം

44 (2253) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാവക്കാട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റലിൽ മതിയായ ഡോക്ടർമാരില്ലാത്തതിനാൽ പൊതുജനങ്ങൾ കഷ്ടതയനുഭവിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഇവിടേയ്ക്ക് ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ചാവക്കാട് താലൂക്ക് ഹോസ്പിറ്റലിൽ നഴ്സ് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗൈനക്കോളജി വിഭാഗത്തിലേയും ഓർത്തോ പീഡിക് വിഭാഗത്തിലേയും മെഡിക്കൽ കൺസൾട്ടന്റ് തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽനിന്നും സ്ഥാനക്കയറ്റം നൽകി പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചാവക്കാട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ സ്റ്റാഫ് നെഴ്സിന്റെ ആകെ 17 തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. നിലവിൽ 17 സ്റ്റാഫ് നഴ്സുമാരും അവിടെ ജോലി നോക്കുന്നു. നിലവിൽ ഒഴിവുകളൊന്നുമില്ല.

വൈറ്റമിൻ എ വിതരണം

45 (2254) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ വെട്ടിക്കുറച്ച "വൈറ്റമിൻ എ" യുടെ വിതരണം മറികടക്കാൻ സ്വീകരിച്ചിട്ടുള്ള അടിയന്തര മാർഗ്ഗങ്ങൾ വിശദമാക്കുമോ ;

(ബി) ലോകാരോഗ്യ സംഘടനയുടെ നിർദ്ദേശപ്രകാരം കേന്ദ്ര സർക്കാർ സൗജന്യമായി വിതരണം ചെയ്തിരുന്ന പ്രസ്തുത മരുന്നിന്റെ വിതരണം പുനഃസ്ഥാപിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(സി) അടിയന്തര ആവശ്യം നേരിടാൻ വൈറ്റമിൻ എ, കെ.എം.എസ്.സി. മുഖേന വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ?